11.00 AM]

[രാവിലെ 09.48 ന് നിർത്തിവച്ച സഭ 11.05 -ന് പുനരാരംഭിച്ചു.]

IV അറിയിപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ : ഇവിടെ നടന്ന സംഭവത്തെത്തുടർന്ന് ഭരണപക്ഷവും പ്രതിപക്ഷവുമായി ഞാൻ സംസാരിച്ചു. പക്ഷേ, ഇരുവിഭാഗത്തിനും യോജിച്ച ഒരു തീരുമാനത്തിൽ എത്താൻ കഴിഞ്ഞിട്ടില്ല. ഇന്നലെ ഇവിടെ നടന്ന സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ ഇന്ന് സഭയിൽ ക്രമപ്രശ്നമുന്നയിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. ഇനിയും അതിനെത്തുടർന്ന് ഒരു ചർച്ചയിലേയ്ക്ക് പോകരുത് എന്നാണ് ചെയറിന്റെ അഭിപ്രായം. ഒരു കാര്യം ചെയർ ശ്രദ്ധയിൽ കൊണ്ടുവരട്ടെ; ഗവൺമെന്റ് ബിസിനസ് നടത്തിക്കൊടുക്കുവാനുള്ള ഉത്തരവാദിത്തം ചെയറിനുണ്ട്. അതെല്ലാവരും മനസ്സിലാക്കണം, സഹകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെയും ഖേദപ്രകടനത്തിന്റെയും അടിസ്ഥാനത്തിൽ ആ പ്രശ്നം തീർന്നതായി അറിയിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, സഭാ നടപടിച്ചട്ടം 307 അനുസരിച്ച് അപകീർത്തികരമായ പരാമർശങ്ങൾ ഉണ്ടായാൽ അതു സംബന്ധിച്ച് കൈകാര്യം ചെയ്യേണ്ട രീതിയിൽ ബഹുമാനപ്പെട്ട ചെയർ കൈകാര്യം ചെയ്യാതിരിക്കുന്ന സാഹചര്യത്തിൽ, അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ടതുള്ളതിനാൽ സഖാവ് ശർമ്മയെ ഇവിടെ ഇരുത്തിക്കൊണ്ട്, ഈ നിലപാടിലുള്ള ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ശ്രീ. സി. ദിവാകരൻ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേൽ ബഹുമാനപ്പെട്ട ചെയർ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എസ്. ശർമ്മ ഒഴികെയുള്ള പ്രതിപക്ഷാംഗങ്ങൾ സഭ വിട്ട് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചെത്തുകയും ചെയ്തു.)

LIBRARY ARCHIVES Kerala Legislative Assembly